**അസാധാരണ ഗസറ്റ് തീയതി: 04.05.2022 അവസാന തീയതി: 08.06.2022 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## കാറ്റഗറി നമ്പർ : 137/2022
## അസിസ്റ്റന്റ് എഞ്ചിനിയർ
## കേരള ജല അതോറിറ്റി

**1. വകുപ്പ്/സ്ഥാപനം** : കേരള ജല അതോറിറ്റി
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനിയർ
**3. ശമ്പളം** : ₹ 40800- 85000
**4. ഒഴിവുകളുടെ എണ്ണം** : 64

**കുറിപ്പ്:** 1. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാര്ശ്യും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാര്ശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാര്ത്ഥിയയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

2. 09.09.2013ലെ G.O.(P)No.74/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/ ശ്രവണ വൈകല്യമുള്ളവർ/ കാഴ്ച ശക്തി കുറഞ്ഞവർ എന്നീ വിഭാഗങ്ങളില്പ്പൊടുന്ന ഭിന്നശേഷി വിഭാഗക്കാര്ക്കാ०യി സംവരണം ചെയ്തിരിക്കുന്നു.

**കുറിപ്പ് (1)**: പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കുന്നവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സ4വ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ച് വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകുല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സ4വ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകള്ക്ക ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii), (iv) & (xii) കാണുക)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 19-40. ഉദ്യോഗാർത്ഥി കൾ 02.01.1982 നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).എസ്സ്.സി /എസ്സ്.ടി, മറ്റ് പിന്നാക്ക വിഭാഗങ്ങള്ക്കും० വിധവകള്ക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ 2 ആം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : 1. കേരള സർവകലാശാലയുടെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ ബി.എസ്.സി. ബിരുദം അല്ലെങ്കിൽ മദ്രാസ് സർവകലാശാലയുടെ ബി.ഇ.സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ ബിരുദമോ തത്തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

2. (a) ഇന്ത്യൻ ഇന്സിസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സിന്റെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഡിപ്ലോമയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

b) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സിന്റെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പര്ഷിപ്പ് എക്സാമിനേഷൻ “എ' യും 'ബി' യും സെക്ഷനുകൾ പാസായിരിക്കണം.

**കുറിപ്പ് :** 1 കേരളത്തിലെ അംഗീകൃത സരഘേകലാശാലകൾ /യു.ജി.സി അംഗീകരിച്ച മറ്റു സർവകലാശാലകൾ ഇവയിലെ സിവിൽ/മെക്കാനിക്കൽ /കെമിക്കൽ എഞ്ചിനീയറിംഗിലുള്ള B Tech / BE യോഗ്യതയുള്ളവര്ക്കും അപേക്ഷിക്കാവുന്നതാണ്.

**8 (a)** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v),(vii) (viii), (ix),(x) , (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങള്ക്കും വ്യവസ്ഥകൾക്കും०യ വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 138/2022
## അസിസ്റ്റന്റ് എഞ്ചിനിയർ (ഡിപ്പാർട്ടുമെന്റൽ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
## കേരള ജല അതോറിറ്റി

**1. വകുപ്പ്/സ്ഥാപനം** : കേരള ജല അതോറിറ്റി
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനിയർ (ഡിപ്പാർട്ടുമെന്റൽ ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
**3. ശമ്പളം** : ₹ 40800- 85000
**4. ഒഴിവുകളുടെ എണ്ണം** : 8

**കുറിപ്പ്:** 1. മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക / സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

2. മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുളളതാണ്. മുകളിൽ പറയുന്ന തസ്തികയിലേക്കുള്ള നിയമനത്തിനുള്ള ഏത് ശിപാർശ്യും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥികളുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി** : കേരള ജല അതോറിറ്റിയിൽ (PHED) ഒന്നും രണ്ടും ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, വാട്ടർ വർക്ക്സ് ഇൻസ്പെക്ടർ, ഡ്രെയിനേജ് ഇൻസ്പെക്ടർ, ഒന്നും രണ്ടും ഗ്രേഡ് ഓവർസിയർ, ഒന്നും രണ്ടും ഗ്രേഡ് വർക്സ് സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ കുറഞ്ഞത് രണ്ട് വർഷവും കേരള ജല അതോറിറ്റിയിൽ (PHED) ക്ലാർക്ക് തസ്തികയിൽ കുറഞ്ഞത് 6 വർഷവും കേരള വാട്ടർ അതോറിറ്റിയിലുള്ള എഞ്ചിനിയറിംഗ് ബിരുദധാരികളും മൂന്നാം ഗ്രേഡ് ഓവർസിയറായി കുറഞ്ഞത് 3 വർഷവും സർവീസ് ഉള്ളവരിൽ നിന്നും നടത്തുന്ന നേരിട്ടുള്ള നിയമനം

**കുറിപ്പ് :** മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനത്തിന് അപേക്ഷിച്ചവരിൽ നിന്നും തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**6. പ്രായപരിധി** :

**കുറിപ്പ്** : ഉയർന്ന പ്രായപരിധി ബാധകമല്ല ( കുറിപ്പ് 2 കൂടെ നോക്കുക)

1) സർവീസിൽ നിന്നുള്ള നിയമനത്തിന് കേരള സ്റ്റേറ്റ് ആന്റ് സബോഡിനേറ്റ് സർവീസിലെ ചട്ടങ്ങളുടെ 14 മുതൽ 17 വരെയുള്ള സംവരണ ചട്ടങ്ങൾ ഈ തെരഞ്ഞടുപ്പിന് ബാധകമല്ല.

2) നിയമിക്കപ്പെടുന്നവർ ആദ്യത്തെ 10 വർഷത്തെ സേവനത്തിനിടയിൽ 4 വർഷം (പരിശീലന കാലമുൾപ്പെടെ) പ്രതിരോധ സർവീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിബന്ധന 40 വയസ്സ് കഴിഞ്ഞവർക്ക് സാധാരണ ഗതിയിൽ ബാധകമല്ല.

3) അപേക്ഷകർ ഓഫീസ് മേലധികാരിയിൽ നിന്നും കേരള വാട്ടർ അതോറിറ്റിയിൽ റഗുലർ സർവീസിലാണെന്ന് തെളിയിക്കുന്നതിന് താഴെപ്പറയുന്ന മാതൃകയിൽ ഒരു സർവീസ് സർട്ടിഫിക്കറ്റ് വാങ്ങി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**7. യോഗ്യതകൾ** : 1. കേരള സർവകലാശാലയുടെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ ബി.എസ്.സി. ബിരുദം/അല്ലെങ്കിൽ മദ്രാസ് സർവകലാശാലയുടെ ബി.ഇ. സിവിൽ/മെക്കാനിക്കൽ/കെമിക്കൽ ബിരുദമോ തത്തുല്യമായി സര്ക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യതയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

2. (a) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സിന്റെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ലോമയോ തത്തുല്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഡിപ്ലോമയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

b) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സിന്റെ സിവിൽ/ മെക്കാനിക്കൽ/കെമിക്കൽ എഞ്ചിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷൻ 'എ' യും 'ബി' യും സെക്ഷനുകൾ പാസായിരിക്കണം.

**കുറിപ്പ് :** 1 കേരളത്തിലെ അംഗീകൃത സർവകലാശാലകൾ / യു.ജി.സി അംഗീകരിച്ച മറ്റു സർവകലാശാലകൾ ഇവയിലെ സിവിൽ/മെക്കാനിക്കൽ /കെമിക്കൽ എഞ്ചിനീയറിംഗിലുള്ള B Tech / BE യോഗ്യതയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

8 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v),(vii) (viii), (ix),(x) , (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5, 6, 7 എന്നീ ഖണ്ഡികകളും മേല്പ്പശറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും०യ വിധേയമായിരിക്കും. •